പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1998

07-12-2015 - ൽ മറുപടിയ്ക്ക്

**പുതിയങ്ങാടി ഫിഷിംഗ് ഹാർബർ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ഏജൻസിയായ പൂനെയിലെ സി.ഡബ്ല്യൂ.പി.ആർ.എസ് നടത്തി വരുന്ന പഠനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; ഏതൊക്കെ വിധത്തിലുള്ള പഠനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; | എ) | മാതൃകാ പഠനത്തിനായി സി.ഡബ്ല്യൂ.പി.ആർ.എസ് ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു. ആയത് ലഭിച്ച് 4 മാസത്തിനകം ടി പഠനം പൂർത്തിയാക്കാമെന്നാണ് സി.ഡബ്ല്യൂ.പി.ആർ.എസ് അറിയിച്ചിരിക്കുന്നത്. |
| ബി) | ഇതുവരെയായി എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് പഠനത്തിനായി ലഭിച്ചിട്ടുള്ളത്; ഇവയിൽ എത്ര ലക്ഷം രൂപ പഠനത്തിനായി ചെലവഴിച്ചു; ഹാർബറിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ? | ബി) | ടി ഫിഷിംഗ് ഹാർബറിന്റെ പഠനത്തിനായി 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 36,59,604/- രൂപ ചെലവഴിച്ചിട്ടു ണ്ട്.<br>പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് സി.ഡബ്ല്യൂ.പി.ആർ.എസ് -ന്റെ മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിസ്ഥിതി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന നടത്തേണ്ടതുണ്ട്. 10 മാസം നീണ്ടു നിൽക്കുന്ന പരിസ്ഥിതി പഠനം അനിവാര്യമാണ്. മാതൃകാപഠനത്തിനും പരിസ്ഥിതി പഠനത്തിനും ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചാലുടനെ പദ്ധതിയുടെ ഭരണാനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Jayasree

**സെക്ഷൻ ഓഫീസർ**